**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1867

06.02.2019-ൽ മറുപടിയ്ക്ക്

## നാം മുന്നോട്ട് പദ്ധതി

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) നാം മുന്നോട്ട് പദ്ധതിയുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. പൊതുജനങ്ങളേയും, വിദഗ്ധരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള "നാം മുന്നോട്ട്" പരിപാടി, സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ വികസന പദ്ധതികളുടെ ആസൂത്രണത്തിൽ ഒട്ടേറെ ക്രിയാത്മക സംഭാവനകൾ നൽകിയിട്ടുണ്ട്. കൂടാതെ ജനക്ഷേമകരമായ നിരവധി പ്രവർത്തനങ്ങളും, ആശയങ്ങളും ജനങ്ങളിലെത്തിക്കുന്നതിന് നാം മുന്നോട്ട് പരിപാടി ഏറെ ഫലപ്രദമായിട്ടുണ്ട്. അതത് രംഗത്തെ പ്രഗത്ഭരെ പങ്കെടുപ്പിക്കുന്നതിനാൽ സംസ്ഥാനത്തിനു ഗുണകരവും, നവീനവുമായ ആശയങ്ങളുടെ രൂപീകരണത്തിന് പരിപാടി ഏറെ ഗുണം ചെയ്യുന്നുണ്ട്. |
| (ബി) 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയ അഞ്ച് കോടി രൂപ ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) 2018-19 സാമ്പത്തിക വർഷം നാം മുന്നോട്ട് പദ്ധതിക്കായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയ അഞ്ച് കോടി രൂപയിൽ 4,98,97,105/- രൂപ ചുവടെ ചേർക്കുന്ന ഇനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.<br><br>(i) നാം മുന്നോട്ട് പരിപാടിക്കായുള്ള സ്റ്റുഡിയോ വേദിയുടെ പരിപാലന ചെലവ്, (ii) നാം മുന്നോട്ട് പരിപാടിയുടെ ഒരു വർഷത്തേയ്ക്കുള്ള നിർമ്മാണ ചെലവ്, (iii) തിരഞ്ഞെടുത്ത |

| | |
|---|---|
| | ചാനലുകളിലും, ദൂരദർശനിലും, മുഖ്യ-മന്ത്രിയുടെ സമ്പർക്ക ടി.വി. ഷോയുടെ 52 എപ്പിസോഡുകൾ സംപ്രേക്ഷണം ചെയ്യുന്നതിനുള്ള ചെലവ്, (iv) നാം മുന്നോട്ട് റേഡിയോ പരിപാടിയുടെ നിർമ്മാണ ചെലവും, തെരഞ്ഞെടുത്ത എഫ്.എം. റേഡിയോകളിലും, ആകാശവാണിയിലും 52 എപ്പിസോഡുകൾ പ്രക്ഷേപണം ചെയ്യുന്നതിനുള്ള ചെലവ്, (v) ടി.വി. ഷോയുടെ നിർമ്മാണ ചെലവ്, (vi) മുഖ്യമന്ത്രിയുടെ വെബ്സൈറ്റിന്റെ പരിപാലന ചെലവ്. |
| (സി) പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച ഓഡിറ്റ് സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) ഈ സാമ്പത്തിക വർഷം തുകയുടെ വിനിയോഗം സംബന്ധിച്ച ഓഡിറ്റ് നടത്തിയിട്ടില്ല. |
| (ഡി) പ്രസ്തുത പദ്ധതിയുടെ സ്റ്റുഡിയോ വേദിയുടെ പരിപാലനത്തിനായി ഈ സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഡി) കെ.എസ്.എഫ്.ഡി.സിയുടെ കീഴിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയുടെ വാടകയിനത്തിൽ 2018 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ പ്രതിമാസം രണ്ട് ലക്ഷം രൂപ + ജി.എസ്.റ്റി. എന്ന നിരക്കിൽ 13,59,675 രൂപ ചെലവഴിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ